**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 901** **24-02-2022 - ൽ മറുപടിയ്ക്ക്**

**പാമ്പുകളെ പിടികൂടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി കാനത്തിൽ ജമീല | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാമ്പുകളെ പിടികൂടി അവയെ അതിന്റെ ആവാസവ്യവസ്ഥയിലേക്ക് തിരികെ വിടുന്നതിന് സർക്കാർ പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ പരിശീലന കാലയളവ് എത്രയാണ്; ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | പാമ്പുകളെ ജനവാസമേഖലകളിൽ അപകടകരമായി കാണുന്ന സാഹചര്യങ്ങളിൽ അവയെ പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിലേയ്ക്ക് തിരികെ വിടുന്നതിനുള്ള അംഗീകൃത ഗൈഡ് ലൈനിൽ നിഷ്കർഷിച്ച പ്രകാരം വനം വകുപ്പ് ജീവനക്കാർക്കും, തല്പരരായ വോളന്റിയർമാർക്കും പരിശീലനം നൽകുന്നുണ്ട്. രണ്ട് ദിവസത്തെ പരിശീലനക്രമമാണ് നിശ്ചയിച്ചിട്ടുള്ളത്. പരിശീലനം വിജയകരമായി പൂർത്തിയാക്കി പരിശീലനത്തിന്റെ ഒടുവിലുള്ള പ്രായോഗിക പരീക്ഷയിൽ സുരക്ഷിതമായി പാമ്പുകളെ കൈകാര്യം ചെയ്തു കാണിക്കുന്ന വർക്കാണ് സർട്ടിഫിക്കേഷൻ നൽകുക. അപേക്ഷകർ 65 വയസ്സിൽ താഴെ പ്രായമുള്ള ആളായിരിക്കണം. |
| (ബി) | വനം വകുപ്പിന്റെ പരിശീലന പരിപാടികളിൽ പങ്കെടുക്കാതെയുള്ളതും വളരെക്കാലമായി പാമ്പുകളെ പിടിക്കുകയും അവയെക്കുറിച്ച് പഠന ഗവേഷണങ്ങളിലൂടെ അനുഭവസമ്പത്ത് നേടിയിട്ടുള്ളവരുമായ പ്രകൃതി സ്നേഹികൾക്ക് ലൈസൻസ് നൽകുന്നതിനും അവരുടെ പരിചയ സമ്പന്നത ഈ മേഖലയ്ക്ക് ഗുണകരമാകുന്ന രീതിയിൽ ഉപയോഗ പ്രദമാക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (ബി) | വിശദമാക്കാം. സ്വന്തം സുരക്ഷയും, പാമ്പുകളുടെ സുരക്ഷയും ഉറപ്പ് വരുത്തുന്ന സുരക്ഷിത രീതികൾ അവലംബിച്ച് പാമ്പുകളെ പിടിക്കാൻ സന്നദ്ധതയുള്ള പരിചയസമ്പന്നരായ പാമ്പു പിടിത്തക്കാരെ, അവർ വനം വകുപ്പിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകൃത ഗൈഡ് ലൈനിലെ നിഷ്കർഷങ്ങൾക്ക് വിധേയമായി സർട്ടിഫിക്കേഷൻ നൽകുന്ന കാര്യ പരിഗണിക്കാവുന്നതാണ്. |
| (സി) | പാമ്പുകളെക്കുറിച്ചും അവയെ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച നിയമവശങ്ങളെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സാമൂഹ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി ബോധവൽക്കരണ വീഡിയോകൾ തയ്യാറാക്കി പ്രചരിപ്പിക്കുക, വെബിനാറുകൾ സംഘടിപ്പിക്കുക, SARPA മൊബൈൽ ആപ്ലിക്കേഷൻ മുഖേന പാമ്പുകടി ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ, പാമ്പുകടിയേറ്റാൽ ചെയ്യേണ്ട സത്വര നടപടികൾ |

| | | | |
|---|---|---|---|
| | | | മുതലായവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക മുതലായ നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചു വരുന്നത്. കൂടാതെ പാമ്പുകളെ അപകടകരമായി കണ്ടാൽ സുരക്ഷിതമായി പിടികൂടി മാറ്റുന്നതിന് എല്ലാ ജില്ലകളിലും പരിശീലനം ലഭിച്ച റെസ്ക്യൂവർമാരുടെ സേവനവും ലഭ്യമാണ്. ഇത് SARPA മൊബൈൽ ആപ്ലിക്കേഷൻ മുഖേന ഏകോപിപ്പിക്കുന്നു. എല്ലാ ജില്ലകളിലും അംഗീകൃത സർപ്പ രക്ഷകരും വനം വകുപ്പ് ഉദ്യോഗസ്ഥൻമാരടങ്ങുന്ന വാട്ട്സാപ്പ് ഗ്രൂപ്പുകളും മേൽ സേവനങ്ങളിലൂടെ ഫലപ്രദമായ ഏകോപനത്തിനായി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ